**'CORRUPTION, A CRIME AGAINST NATION'**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
തിരുവനന്തപുരം-695 033,
ഇ-മെയിൽ: vig.vacb@kerala.gov.in
ഫോൺ: 0471-2305393
തീയതി:14.02.2022

# *"കൈക്കൂലി വാങ്ങുന്നതിനിടെ സീനിയർ ക്ളാർക്ക് വിജിലൻസ് പിടിയിൽ"*

പത്തനംതിട്ട ജില്ലയിലെ കടപ്ര പഞ്ചായത്ത് കെട്ടിട വിഭാഗത്തിലെ സീനിയർ ക്ളാർക്ക് പ്രദീപ്കുമാറിനെയാണ് 15000/- രൂപ കൈക്കൂലി വാങ്ങുന്നതിനിടെയാണ് വിജിലൻസ് അറസ്റ്റ് ചെയ്തത്.

പത്തനംതിട്ട നിരണം സ്വദേശിയായ വീട്ടമ്മ ഈ കഴിഞ്ഞ നവംബർ മാസം വാങ്ങിയ പുരയിടത്തിലുള്ള കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം മാറ്റി വാങ്ങുന്നതിന് ഡിസംബറിൽ കടപ്ര ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ സീനിയർ ക്ളാർക്ക് പ്രദീപ്കുമാറിന്റെ കൈവശം എത്തിയപ്പോൾ, പരാതിക്കാരിയെ പ്രദീപ്കുമാർ ഓഫീസിൽ വിളിച്ചു വരുത്തി പഞ്ചായത്ത് രേഖകൾ പ്രകാരം കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം പരാതിക്കാരിക്ക് വസ്തു നൽകിയ ആളിന്റെ അല്ലായെന്നും ആയത് ശരിയാക്കി നൽകുന്നതിലേക്ക് 40000/-രൂപ കൈക്കൂലി വേണമെന്നും ആവശ്യപ്പെട്ടു. തുടർന്ന് പരാതിക്കാരി വിലപേശിയപ്പോൾ കൈക്കൂലി തുക 25000/- രൂപയാക്കി പ്രദീപ്കുമാർ കുറച്ച് നൽകുകയും ഇക്കഴിഞ്ഞ 7ആം തീയതി കൈക്കൂലിയുമായി പഞ്ചായത്ത് ഓഫീസിലെത്താൻ ആവശ്യപ്പെടുകയും ചെയ്തു.അന്നേ ദിവസം പരാതിക്കാരി ഓഫീസിലെത്തി 10000/- രൂപ കൈമാറുകയും ബാക്കി 15000/-രൂപയുമായി ഇന്ന്(14.02.2022) രാവിലെ 09.30 മണിക്ക് പൊടിയാടി ജംഗഷനിൽ എത്താൻ ആവശ്യപ്പെടുകയും ചെയ്തു.

പരാതിക്കാരി ഈ വിവരം വിജിലൻസ് ആസ്ഥാനത്തെ ടോൾഫ്രി നമ്പരായ 1064 ൽ വിളിച്ച് അറിയിക്കുകയും വിജിലൻസ് ആസ്ഥാനത്തെ നിർദ്ദേശപ്രകാരം പത്തനംതിട്ട വിജിലൻസ് ഡി.വൈ.എസ്.പി ശ്രീ.ഹരിവിദ്യാധരന്റെ നേതൃത്വത്തിൽ കെണിയൊരുക്കി.ഇന്ന് (14.02.2022) രാവിലെ 10 മണിയോടെ പൊടിയാടി ജംഗഷനിൽ നിന്നും പരാതിക്കാരിയുടെ കാറിൽ കയറി 15000/- രൂപാ കൈക്കൂലി വാങ്ങി പരാതിക്കാരിയുടെ കാറിൽ കടപ്ര പഞ്ചായത്ത് ഓഫീസിൽ എത്തിയ സമയം കാറിനെ പിൻതുടർന്ന പത്തനംതിട്ട വിജിലൻസ് ഡി.വൈ.എസ്.പി ശ്രീ.ഹരിവിദ്യാധരന്റെ നേതൃത്വത്തിലുള്ള വിജിലൻസ് സംഘം പ്രദീപ്കുമാറിനെ കൈയ്യോടെ പിടികൂടുകയുമായിരുന്നു. അറസ്റ്റ് ചെയ്ത പ്രതിയെ തിരുവനന്തപുരം വിജിലൻസ് കോടതി മുമ്പാകെ ഹാജരാക്കും

വിജിലൻസ് സംഘത്തിൽ ഡി.വൈ.എസ്.പി ശ്രീ.ഹരിവിദ്യാധരനെ കൂടാതെ ഇൻസ്പെക്ടർമാരായ രാജീവൻ, അനിൽ കുമാർ, അഷറഫ് , സബ് ഇൻസ്പെക്ടർമാരായ ജലാലുദ്ദീൻ, വി.ഡി രാജേഷ്, അനിൽകുമാർ സി.പി.ഒ മാരായ അജീർ,പ്രവീൺ, അനീഷ് രാമചന്ദ്രൻ, അനീഷ് മോഹൻ, ഗോപകുമാർ, ജിനു,കിരൺ, രാജീവ്,വിനീത് തുടങ്ങിയവരും ഉണ്ടായിരുന്നു.